LIBRARY ARCHIVES Kerala Legislative Assembly

(ബി) കരാറിലേർപ്പെട്ട ഗുണഭോക്താക്കൾക്ക് കരാർ റദ്ദ് ചെയ്യു കിട്ടുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച സർക്കാർ ഉത്തരവ് ലഭ്യമാക്കാമോ?

ഇ.എം.എസ്. ഭവന പദ്ധതി പ്രകാരമുള്ള കരാർ റദ്ദ് ചെയ്യുന്നതിനായി ഗുണഭോക്താവ് കൈപ്പറ്റിയ തുക 12% പലിശ സഹിതം തിരിച്ചടച്ച് കരാർ റദ്ദ് ചെയ്യുന്നതിനുള്ള അനുവാദം നൽകുന്നതിന് ജില്ലാ കളക്ടർമാരെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ടുള്ള തദ്ദേശസ്വയംഭരണ വകുപ്പിന്റെ 25-5-2017-ലെ 92/ഡിബി1/17/ ത.സ്വ.ഭ.വ. നമ്പർ സർക്കുലർ ഇതോടൊപ്പം ചേർക്കുന്നു*.

(സി) കരാർ റദ്ദ് ചെയ്ത് കിട്ടാത്തതിനാൽ ടി വസ്തു കൈമാറ്റം ചെയ്തോ ബാങ്കിൽ ഈട് വച്ചോ വായ്പ എടുക്കുന്നതിന് കഴിയാത്ത സാഹചര്യം നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇ.എം.എസ്. ഭവനപദ്ധതിപ്രകാരം ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കൾക്ക് വായ്പ അനുവദിക്കാവുന്നതാണെന്ന് വ്യക്തമാക്കി 7-7-2010 -ലെ സ.ഉ.(സാധാ) നമ്പർ 2234/2010-ത.സ്വ.ഭ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 10-9-2014-ലെ സ.ഉ.(സാധാ) നമ്പർ 2368/14 ത.സ്വ.ഭ.വ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നൽകുന്ന ഭവനങ്ങൾ പണയപ്പെടുത്തി വായ്പ എടുക്കുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വായ്പ ലഭ്യമാകാത്തത് സംബന്ധിച്ച പരാതികൾ ലഭ്യമായിട്ടില്ല.*

(ഡി) ഗഡുക്കൾ പൂർണ്ണമായി കൈപ്പറ്റാത്ത ഗുണഭോക്താക്കൾക്ക് കരാർ റദ്ദ് ചെയ്ത് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കാമോ?

തീരുമാനമെടുത്തിട്ടില്ല.

കിഴക്കമ്പലം പഞ്ചായത്ത് ഭരണസമിതി

370 (5095) ശ്രീ. പി.വി. ശ്രീനിജിൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

2015-2020-ലെ കിഴക്കമ്പലം പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ സ്വകാര്യ കമ്പനിയിൽ നിന്നോ മറ്റേതെങ്കിലും സ്ഥാപനത്തിൽ നിന്നോ മാസപ്പടിയോ/ശമ്പളമോ/മറ്റാനുകൂല്യങ്ങളോ കൈപ്പറ്റിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവർക്കെതിരെയെടുത്ത നടപടികൾ വിശദീകരിക്കാമോ?

പരാതി ലഭിച്ചിട്ടുണ്ട്. അന്വേഷണം നടത്തി റിപ്പോർട്ട് നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.